"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- 2018 പ്രളയത്തിൽ വീടും വസ്തുവും വാസയോഗ്യമല്ലാതായ ശ്രീമതി തങ്കമ്മ തങ്കപ്പൻ, പാറവിള വീട്, കിരിത്തോട് കഞ്ഞിക്കുഴി എന്നിവർക്ക് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.207/2026/DMD തീയതി,തിരുവനന്തപുരം, 11-05-2026

---

പരാമർശം:-
1. 23/08/2019 ലെ സ.ഉ(കൈ)നം.25/2019/ഡിഎംഡി
2. ഇടുക്കി ജില്ലാ കളക്ടറുടെ 21/10/2025, 18/12/2025,27/02/2026 എന്നീ തിയ്യതികളിലെ DCIDK/3795/2025-DM2 നമ്പർ കത്തുകൾ
3. കേരള സംസ്ഥാന മനുഷ്യവകാശ കമ്മീഷന്റെ 09/02/2026 ലെ എച്ച്.ആർ.എം.പി 1998/11/4/2023 നമ്പർ ഉത്തരവ്

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ കഞ്ഞിക്കുഴി വില്ലേജിൽ രണ്ടാം വാർഡിൽ കീരിത്തോട് കരയിൽ പകുതിപ്പാലം എന്ന സ്ഥലത്ത് താമസിക്കുന്ന ശ്രീമതി തങ്കമ്മ തങ്കപ്പൻ, പാറവിള വീട്, 128-ാ ം നമ്പർ വീടും, 50 സെൻറ് സ്ഥലവും സ്ഥിതി ചെയ്യുന്നതായും, ഒറ്റപ്പെട്ട അവസ്ഥയിലുള്ള വീട് ഇടുക്കി നേര്യമംഗലം റോഡിൻറെ കിഴക്ക് ഭാഗത്തായി വരുന്നതായും ഈ പ്രദേശം റോഡിൽ നിന്നും ഏകദേശം 24 മീറ്ററിലധികം താഴ്ചയിൽ സ്ഥിതി ചെയ്യുന്നതായും, ടി വീടിന്റെ പിറക് വശവും മുൻവശവും 5 മീറ്ററിലധികം കിഴക്കാംതൂക്കായി മഴക്കാലങ്ങളിൽ ടി പ്രദേശത്തെ മഴവെള്ളം ഈ വീടിന് കാണപ്പെടുന്നതും സമീപത്തുകൂടിയാണ് ഒഴുകുന്നതായും, പ്രസ്തുത സ്ഥലം 9° 56'14" N അക്ഷാംശത്തിലും 76° 5818" E രേഖാംശത്തിലും സ്ഥിതി ചെയ്യുന്നതും 45° -യിലധികം ചരിവുള്ളതും, 2018 ൽ ഈ പ്രദേശത്ത് മണ്ണിടിച്ചിൽ ഉണ്ടായിട്ടുള്ളതായി അന്വേഷണത്തിൽ അറിയാൻ സാധിച്ചിട്ടുണ്ടെന്നും നിലവിലുള്ള വീടിന് കോട്ടുപാട്ടുകളൊന്നും തന്നെ അന്വേഷണത്തിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നും വീടിൻറെ മുൻവശത്തുള്ള സംരക്ഷണഭിത്തിക്ക് ബലക്ഷയം സംഭവിച്ചതായും, ശ്രീമതി.തങ്കമ്മ തങ്കപ്പൻ, എന്നവരുടെ വീട് സ്ഥിതി ചെയ്യുന്ന സ്ഥലം ദുരന്തസാധ്യതാ അവലോകന ചെക്ക് ലിസ്റ്റിലെ മൊത്തം സ്കോർ 31 ആണ് ലഭിച്ചിട്ടുള്ളത്. കൂടാതെ നിലവിലെ ഭൂപ്രകൃതിയനുസരിച്ച് മണ്ണിടിച്ചിൽ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശമായതിനാലും ചെക്ക് ലിസ്റ്റിലെ ചോദ്യം (2) പ്രകാരം ഉരുൾപ്പൊട്ടൽ മണ്ണിടിച്ചിൽ ബാധിച്ച സ്ഥലമായതിനാലും ഇവിടം വാസയോഗ്യമല്ലെന്ന് മണ്ണ് സംരക്ഷണ ഓഫീസർ, ജില്ലാ ജിയോളജിസ്റ്റ്, ഹസാർഡ് അനലിസ്റ്റ് എന്നിവർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും, ആയതിനാൽ ദുരന്ത നിവാരണ മാനദണ്ഡ പ്രകാരമുള്ള 10 ലക്ഷം രൂപ അനുവദിക്കണമെന്ന പരാമർശം (1) പ്രകാരം ഇടുക്കി ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

2) ശ്രീമതി തങ്കമ്മ തങ്കപ്പൻ, പാറവിള വീട് എന്നിവർ താമസിക്കുന്ന വീട് അപകട മേഖലയിൽ

സ്ഥിതി ചെയ്യുന്നതിനാൽ തുടർന്ന് താമസിക്കുന്നത് അനുവദിക്കാൻ കഴിയില്ലെന്നും ടിയാളുടെ വീട്ടും വസ്തുവും ഉപയോഗ ശൂന്യമാണെന വിദഗ്ധ സംഘത്തിന്റെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദുരന്ത നിവാരണ മാനദണ്ഡ പ്രകാരമുള്ള 10 ലക്ഷം രൂപയുടെ ധനസഹായം ഉത്തരവിന്റെ പകർപ്പ് കിട്ടി ആറാഴ്ചക്കുള്ളിൽ എല്ലാ നടപടികളും പൂർത്തിയാക്കി ഹർജിക്കാരിക്ക് ലഭ്യമാക്കണമെന്നും തുടർന്ന് കമ്മീഷനിൽ ഒരു Action taken report ഫയൽ ചെയ്യണമെന്നും ദുരന്ത നിവാരണ (A) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് നിർദ്ദേശിച്ചുകൊണ്ട് പരാമർശം (3) പ്രകാരം കേരള സംസ്ഥാന മനുഷ്യവകാശ കമ്മീഷൻ ഉത്തരവിട്ടിട്ടുണ്ട്.

3) ദുരന്ത സാധ്യത മേഖലയിൽ ആണ് എന്ന് ജിയോളോജിക്കൽ സർവ്വേ ഓഫ് ഇന്ത്യയോ, സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി നിയോഗിച്ച വിദഗ്ധ സംഘമോ പഠനം നടത്തി, വാസയോഗ്യമല്ലായെന്ന് കണ്ടെത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ച വീടുള്ള വസ്തുവിൽ നിന്നും മാറി വസ്തുവാങ്ങി വീട് നിർമിക്കുന്നതിനോ വീടും സ്ഥലവും ഒരുമിച്ച് വാങ്ങുന്നതിനോ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10 ലക്ഷം രൂപ അനുവദിക്കാവുന്നതാണെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദുരന്ത സാധ്യത മേഖലയിലാണ് താമസിക്കുന്നതെന്ന് മണ്ണ് സംരക്ഷണ ഓഫീസർ, ജില്ലാ ജിയോളജിസ്റ്റ്, ഹസാർഡ് അനലിസ്റ്റ് എന്നിവർ അടങ്ങിയ വിദഗ്ധ സംഘം കണ്ടെത്തിയ ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ കഞ്ഞിക്കുഴി വില്ലേജിൽ ശ്രീമതി തങ്കമ്മ തങ്കപ്പൻ, പാറവിള വീട് എന്നിവർക്ക് വസ്തുവാങ്ങി വീട് നിർമ്മിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10 ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം,തിരുവനന്തപുരം
ജില്ലാ കളക്ടർ, ഇടുക്കി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
REV- DRF വകുപ്പ്
ഫിനാൻസ് ഓഫീസർ, ദുരന്ത നിവാരണ വകുപ്പ്
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Vincent U**
**Date: 11-05-2026 18:03:50**
സെക്ഷൻ ഓഫീസർ